compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 30

**Tuesday, 30th December 2025**

1201 ധനു 15
**15th Dhanu 1201**

1947 പൌഷം 9
**9th Pousha 1947**

വാല്യം 14
**Vol. XIV**

നമ്പർ
**No.** } **52**

## Part III

## Police Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ലേല പരസ്യം

**B1-10119/2024/N** **20/12/2025**

പത്തനംതിട്ട പരിസരത്ത് മുറിച്ചു സൂക്ഷിച്ചിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന തേക്ക് (1) , ആഞ്ഞിലി (1) , ബദാം (1) , അരണ മരം (1), മഹാഗണി (2), പ്ലാവ് (1), വട്ട (2) എന്നീ മരങ്ങൾ 30/12/2025 തീയതിയിൽ രാവിലെ 10.30 മണിക്ക് ക്യാമ്പ് പരിസരത്ത് വെച്ച് പൊതു ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു .

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേലത്തീയതിക്ക് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ എസി, ഡി എച്ച് ക്യൂ വിന്റെ അനുമതിയോടുകൂടി മേൽ പരാമർശിച്ചിട്ടുള്ള മരങ്ങൾ പരിശോധിക്കാവുന്നതും ലേല ദിവസം നിശ്ചിത സമയത്ത് നേരിട്ട് ഹാജരായി നിരതദ്രവ്യം അടച്ച് മൊത്തമായോ ഓരോന്നായോ ലേലം വിളിച്ചെടുക്കാവുന്നതാണ് . ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടൻതന്നെ നിരതദ്രവ്യം തിരികെ നൽകുന്നതും ഉയർന്ന ലേലത്തുക നൽകുവാൻ തയാറാകുന്ന വ്യക്തിയുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കണക്കാക്കുകയും തുടർ നടപടികൾ അറിയിക്കുന്നതുമായിരിക്കും.

ലേലം സ്ഥിരപ്പെടുത്തി കിട്ടിയ ASO) ലേലത്തുകയുടെ 5% തുക സ്വന്തം പേരിൽ 0406- 01- 101-96-00-00-07 FDT' എന്ന സർക്കാർ ശീർഷകത്തിൽ ഡിവിഷൻ കോഡ് 0510250003 ആയി ചെലാൻ മുഖാന്തരം വനവികസന നികുതി ആയി ഒടുക്കി അസ്സൽ ചലാൻ ലേലക്കമ്മിറ്റിക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ് . ലേലത്തുകയും വനവികസന നികുതിയും കൂടിച്ചേർന്ന തുകയുടെ 18% GST യും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിച്ചുള്ള ബാക്കി തുകയും ലേല കമ്മിറ്റിക്ക് മുൻപാകെ ഒടുക്കേണ്ടതാണ് (വിറകിന് GST ബാധകമല്ല).

ലേലം കൊണ്ട മരങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും രണ്ടാഴ്ച്ചക്കുള്ളിൽ ക്യാമ്പ് പരിസരത്ത് നിന്നും തദവസരത്തിൽ മറ്റ കെട്ടിടങ്ങൾക്കോ മറ്റ് മരങ്ങൾക്കോ യാതൊരുവിധ കേടുപാടുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞിട്ടുള്ള ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ടയാൾ അതുവരെ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. ഇപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിന് നഷ്ടം സംഭവിക്കുന്ന പക്ഷം സർക്കാരിന് നഷ്ടമാകുന്ന തുക മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ അധിക ലേലത്തുകയിൽ മുൻപ് ലേലം കൊണ്ടയാൾക്ക് യാതൊരു വിധത്തിലുള്ള അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. യാതൊരു അറിയിപ്പും കൂടാതെ ലേലം മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും

ജില്ലാ പോലീസ് ഓഫീസ് ഒപ്പ്

താഴെ വെട്ടിപ്പ്രം, പത്തനംതിട്ട ജില്ലാ പോലീസ് മേധാവി

689645

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.30 04:14:51 +05:30